ജലവൈദ്യുത പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകി. നിലവിൽ 111.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 13 ഛെറുകിട ജലവൈദ്യുത പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ 40 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള മാങ്കുളം പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളും നടന്നുവരുന്നു. സ്ഥലമെടുപ്പ് പൂർത്തിയായ ഭൂതത്താൻകെട്ട് (24 മെഗാവാട്ട്), അപ്പർ കല്ലാർ എന്നീ പദ്ധതികൾ ടെണ്ടർ ചെയ്തു. ഇതിൽ ഭൂതത്താൻകെട്ട് പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി പദ്ധതികളുടെ ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്. ആകെ 178.9 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 25 പുതിയ ജലവൈദ്യുത പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികളും പുരോഗമിച്ചുവരുന്നു. കൂടാതെ എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ (MNRE) ധനസഹായത്തിൽ 64 പീക്കോ ജലവൈദ്യുത പദ്ധതികൾ സ്ഥാപിച്ച് 5 ജില്ലകളിലായി സമയബന്ധിതമായി കമ്മീഷൻ ചെയ്തുകഴിഞ്ഞു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ റിവൈവൽ, റിഫോം, റീ-സ്ട്രക്ചറിംഗ് പാക്കേജ്**

18(*198) ശ്രീ. കെ. അച്ചുതൻ :
ശ്രീ. പാലോട് രവി :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങൾക്കായി റിവൈവൽ, റിഫോം, റീ-സ്ട്രക്ചറിംഗ് പാക്കേജ് നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പാക്കേജിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) പ്രസ്തുത പാക്കേജ് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും മറ്റുള്ളവയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ഓരോ സ്ഥാപനങ്ങൾക്കും അനുയോജ്യമായ റിവൈവൽ, റിഫോം, റീസ്ട്രക്ചറിംഗ് പദ്ധതികൾ നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉല്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പാക്കേജുകളാണ് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പംതന്നെ വിപണി വിപുലീകരിക്കുന്നതിനും ഉല്പാദനം കൂട്ടുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മേൽപ്പറഞ്ഞ പുനരുദ്ധാരണ പാക്കേജുകൾ നടപ്പിലാക്കുക മുഖേന പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലപ്പഴക്കംചെന്ന മെഷിനറികളുടെ നവീകരണം നടപ്പിലാക്കിയും ഉല്പാദന സംവിധാനങ്ങളിൽ ആധുനികമായ സാങ്കേതികവിദ്യകൾ കൊണ്ടുവരികയും അതുവഴി ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണത്തിലൂടെ കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്നതിനും സ്ഥാപനങ്ങളെ ആഗോളതലത്തിൽ മത്സരക്ഷമതയുള്ളവയാക്കുന്നതിനുമാണ് ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ നവീകരണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും ഭാഗമായി റിയാബ് മുഖേന സമർപ്പിക്കുന്ന പാക്കേജുകൾ വർക്കിംഗ് ഗ്രൂപ്പും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സർക്കാരിൽ പരിശോധിച്ച് അംഗീകാരം നൽകി ആവശ്യമായ ധനസഹായം നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട ദീർഘ/ഹ്രസ്വകാല പദ്ധതികൾക്ക് ഇതുവരെ ഏകദേശം 839.90 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി മാസംതോറും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി പ്രത്യേക അവലോകന നിരീക്ഷണ സംവിധാനം പൊതുമേഖലാ വ്യവസായ പുനഃസംഘടന ബോർഡ് (റിയാബ്) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്ന വിവിധ വികസന പദ്ധതികളുടെയും സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതിയും വ്യവസായ വകുപ്പുമന്ത്രി തലത്തിലും പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും അവലോകനം നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

1254/2017



LIBRARY ARCHIVES Kerala Legislative Assembly